എസ്.എ ജലീൽ

# ഹൃദയങ്ങൾ ഭയപ്പെടാൻ സമയമായില്ലേ?

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ عَنِ النَّبِيِّ ﷺ فِيمَا يَرْوِيهِ عَنْ رَبِّهِ جَلَّ وَعَلَا أَنَّهُ قَالَ: وَعِزَّتِي لاَ أَجْمَعُ عَلَى عَبْدِي خَوْفَيْنِ وَلاَ أَجْمَعُ لَهُ أَمْنَيْنِ ، إِذَا أَمِنَنِي فِي الدُّنْيَا أَخَفْتُهُ يَوْمَ الْقِيَامَةِ ، وَإِذَا خَافَنِي فِي الدُّنْيَا أَمَّنْتُهُ يَوْمَ الْقِيَامَةِ

**അബൂഹുറയ്റയിൽ നിന്ന് നിവേദനം: അല്ലാഹു പറഞ്ഞതായി റസൂൽ(സ) മൊഴിയുന്നു: "എന്റെ പ്രതാപമാണ, നാം നമ്മുടെ ദാസന് രണ്ടു ഭയമോ നിർഭയമോ ഒരുമിച്ചു നൽകില്ല. ഇഹലോകത്ത് അവൻ (നമ്മിൽ നിന്ന്) നിർഭയനായാൽ അന്ത്യനാളിൽ നാമവനെ ഭയപ്പെടുത്തും . ഇഹലോകത്ത് അവൻ നമ്മെ ഭയപ്പെട്ടാൽ പരലോകത്ത് നാമവന് നിർഭയത്വം നൽകുകയും ചെയ്യും."** (ഇബ്നു ഹിബ്ബാൻ)

**സത്യവിശ്വാസിക്ക്** ഇഹലോകത്ത് സദ്കർമങ്ങളിൽ വ്യാപൃതനാവാൻ പ്രേരണയും പ്രേരകവുമാവുന്ന ഘടകങ്ങളിൽ മുഖ്യമായ ഒന്നാണ് അല്ലാഹുവിനോടുള്ള ഭയം. അവനോടുള്ള സ്നേഹവും അനുഗ്രഹങ്ങളിലുള്ള പ്രതീക്ഷയും വിശ്വാസിയെ കർമോത്സുകനാക്കുന്നു. ഇഹലോകത്ത് അല്ലാഹുവിനോടുള്ള ഭയം അന്ത്യനാളിലെ പ്രയാസങ്ങളിൽ നിന്നും വിഷമതകളിൽനിന്നും വിശ്വാസിക്ക് നിർഭയത്വം നൽകുമെന്ന് മേൽ ഹദീസ് പഠിപ്പിക്കുന്നു. "റബ്ബിന്റെ സന്നിധിയിൽ ഹാജരാകേണ്ടിവരുമെന്ന് ഭയപ്പെട്ട ഓരോരുത്തനും രണ്ട് ഉദ്യാനങ്ങളുണ്ട്" (*അർറഹ്മാൻ* 46 )എന്ന വിശുദ്ധ ഖുർആന്റെ വാഗ്ദാനം അല്ലാഹുവിനെ ഭയപ്പെടുന്ന അത്തരം വിശ്വാസികൾക്ക് തന്നെയാണല്ലോ.

മനുഷ്യന്റെ പ്രകൃതിപരമായ 'പേടി'യല്ല അല്ലാഹുവിലുള്ള ഈ ഭയം. മറിച്ച്, അല്ലാഹു വിലക്കിയതിൽനിന്ന് വിട്ടുനിൽക്കാനും കുതറിമാറാനും വിശ്വാസി കാണിക്കുന്ന സൂക്ഷ്മതയാണത്. അല്ലാഹുവിന്റെ കാരുണ്യത്തിൽ മാത്രം പ്രതീക്ഷയർപ്പിച്ച് നിഷ്ക്രിയനാവാതിരിക്കാനും ഈ ഭയം അനിവാര്യമാണ്. 'ജനങ്ങൾക്ക് ഭയമുള്ളേടത്തോളം കാലം അവർ ശരിയായ മാർഗത്തിൽ തന്നെയാണ്. ഭയം അകന്നാൽ അവർ വഴികേടിലകപ്പെട്ടു' എന്ന് പൂർവികരായ പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

കാര്യങ്ങളിൽ മിതത്വമാണ് ഇസ്‌ലാമിന്റെ തത്ത്വം. അല്ലാഹുവിനോടുള്ള ഭയം നിരാശയിലേക്കും രോഗാവസ്ഥയിലേക്കും വിശ്വാസിയെ എത്തിക്കരുത്; ഇഹലോക വിഭവങ്ങൾ തേടുന്നതിൽനിന്ന് അവനെ പിന്തിരിപ്പിക്കരുത്.

അല്ലാഹുവിനെ കുറിച്ച ശരിയായ അറിവാണ് ഭയത്തിനു അടിസ്ഥാനമാവുന്നത്. വിശ്വാസികളിൽ അല്ലാഹുവിനെ നന്നായി അറിയുന്ന റസൂൽ(സ) തന്നെയായിരുന്നു അവരിൽ ഏറ്റവും കൂടുതൽ അല്ലാഹുവിനെ ഭയന്നതും. 'ഞാൻ അറിയുന്നതെല്ലാം അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ വളരെ കുറച്ചു മാത്രം ചിരിക്കുകയും ധാരാളം കരയുകയും ചെയ്യുമായിരുന്നു' (തിർമിദി) എന്ന് റസൂൽ (സ) പറഞ്ഞിട്ടുണ്ട്. സദ്കർമങ്ങൾ ചെയ്യുമ്പോഴും അവ സ്വീകരിക്കപ്പെടുമോ എന്ന ആശങ്ക വിശ്വാസികളെ അലട്ടും. അവരെക്കുറിച്ച് അല്ലാഹു പറയുന്നു: "റബ്ബിങ്കലേക്കു മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന വിചാരത്താൽ മനസ്സു വിറച്ചുകൊണ്ട് ദാനം ചെയ്യുന്നവർ"(*അൽമുഅ്മിനൂൻ* 60). ഈ വാക്യത്തിനു വിശദീകരണമെന്നോണം നബി(സ)യോട് ആയിശ (റ) ഇങ്ങനെ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഒരു മനുഷ്യൻ മോഷണവും വ്യഭിചാരവും മദ്യപാനവും ചെയ്തുകൊണ്ട് അല്ലാഹുവിനെ ഭയപ്പെടുമെന്നാണോ ഇതിനർഥം?" അദ്ദേഹം പറഞ്ഞു: "അങ്ങനെയല്ല സിദ്ദീഖ്പുത്രീ, നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ദാനംനൽകുകയും ചെയ്തുകൊണ്ട് അത്യുന്നതനും അതിശക്തനുമായ അല്ലാഹുവിനെ ഭയപ്പെട്ടു കഴിയുന്നവൻ എന്നാണുദ്ദേശ്യം."

അബൂബക്കർ(റ) ഒരിക്കൽ പറഞ്ഞു: "നിങ്ങൾ ദൈവഭയത്താൽ കരയുക. കരയുന്നില്ലെങ്കിൽ അങ്ങനെ നടിക്കുകയെങ്കിലും ചെയ്യുക." ഉമർ(റ) ഖുർആനിലെ ചില വചനങ്ങൾ കേട്ട് ദിവസങ്ങളോളം ബോധരഹിതനായെന്ന് റിപ്പോർട്ടുകളുണ്ട്. അദ്ദേഹത്തിന്റെ മുഖത്ത് കണ്ണുനീർ ഒലിച്ചിറങ്ങിയ രണ്ടു പാടുകൾ ഉണ്ടായിരുന്നുവത്രെ. ആ മഹാൻ ഈ ലോകത്തോട് വിടവാങ്ങുമ്പോൾ അല്ലാഹുവിന്റെ വിചാരണയെ ഭയപ്പെട്ടുകൊണ്ട് പറഞ്ഞതിങ്ങനെ: "പരലോകത്ത് ശരാശരി ആയിക്കിട്ടിയാൽത്തന്നെ എന്നെ സംബന്ധിച്ചേടത്തോളം വമ്പിച്ച നേട്ടമാണ്." 'സ്വർഗ നരകങ്ങൾക്കിടയിൽ എങ്ങോട്ടാണ് നയിക്കപ്പെടുകയെന്നറിയാതെ ഞാൻ നിന്നാൽ അതറിയുന്നതിനു മുമ്പ് മണ്ണാവാനാണ് ഞാൻ ആഗ്രഹിക്കുന്നത്' എന്ന ഉസ്മാനി(റ)ന്റെ വാക്കുകൾ ദൈവഭക്തിയുടെ ഏറ്റവും ഉയർന്ന നിലയാണ്. അദ്ദേഹം ഖബ്റിന്നരികെ നിൽക്കുമ്പോൾ താടി നനയുവോളം കരയുമായിരുന്നെന്നും നിവേദനമുണ്ട്. "ദൈവസ്മരണയാൽ ഹൃദയങ്ങൾ ഭയചകിതമാകാൻ വിശ്വാസികൾക്ക് ഇനിയും സമയമായില്ലേ" എന്ന ഖുർആനിന്റെ ചോദ്യം പൂർവസൂരികളുടെ ഇത്തരം മാതൃകകൾ കൂടി മുൻനിർത്തി വിശ്വാസി സമൂഹം വളരെ ഗൗരവത്തിൽ കണക്കിലെടുക്കണം. ■

*jaleelk3@gmail.com*